489/est/19

**"ഭരണഭാഷ-മാതൃഭാഷ"**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. DB2/15945/2018/സിഇ/എൽ.എസ്.ജി.ഡി തീയതി: 12/04/2019

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – സാങ്കേതിക വിഭാഗം – ജലാശയത്തിന് കുറുകെ പാലങ്ങൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തങ്ങൾ നടത്തുമ്പോൾ ജലവിഭവ വകുപ്പിന്റെ അംഗീകാരം വാങ്ങിക്കണമെന്ന നിർദ്ദേശം – സംബന്ധിച്ച്

സൂചന:- 1. 27/10/2018 ലെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.
2. ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ 26/02/2019 ലെ കെ.ഡി/ക്യു.സി.എം/സി.എം.എ/ 18/2012 നമ്പർ കത്ത്

*****

സംസ്ഥാനത്ത് 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ ജലാശയങ്ങൾക്ക് കുറുകെ അശാസ്ത്രീയമായി നിർമ്മിക്കപ്പെട്ട പല പാലങ്ങളിലും, മരക്കൊമ്പുകളും, ചവറുകളും മറ്റും അടിഞ്ഞ് അവിടുത്തെ നീരൊഴുക്ക് തടസ്സപ്പെടുകയും, ആയത് പ്രളയത്തിന്റെ തീവ്രത വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. ഇത്തരം ഉയരം കുറഞ്ഞ പാലങ്ങൾ വെള്ളപ്പൊക്ക സമയത്തെ രക്ഷാപ്രവർത്തനത്തിന് ഉൾപ്പെടെ തടസ്സമായിട്ടുള്ളതായി സൂചന (2) പ്രകാരം അറിയിച്ചിരിക്കുന്നു. ടി നിർമ്മിതികൾ വേണ്ടത്ര ഹൊറിസോണ്ടൽ ക്ലിയറൻസും, വെർട്ടിക്കൽ ക്ലിയറൻസും ഇല്ലാതെ അശാസ്ത്രീയമായി നിർമ്മച്ചിട്ടുള്ളതായിട്ടാണ് സൂചന കത്തിൽ പരാമർശിച്ചിരിക്കുന്നത്. ആയതിനാൽ, ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാൻ ആലപ്പുഴ ജില്ലയിലും, സമാന സ്വഭാവമുള്ള മറ്റ് സ്ഥലങ്ങളിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന ജലായശയങ്ങൾക്ക് കുറകെയുള്ള എല്ലാ നിർമ്മിതികൾക്കും നിർമ്മാണത്തിനും മുമ്പായി ജലവിഭവ വകുപ്പിന്റെ, അനുമതി നിർബന്ധമായും ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ

പകർപ്പ്:- തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എല്ലാ മേധാവികൾക്കും

എൻ.പി/-